## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.6167

20.11.2019 -ൽ മറുപടിയ്ക്ക്

## മറയൂരിലെ ചന്ദനമരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മറയൂരിലെ ചന്ദനമരങ്ങൾ മോഷണം പോകുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ടോ; | (എ) മറയൂരിലെ ചന്ദനമര സംരക്ഷണം പൊതുവെ തൃപ്തികരമാണെങ്കിലും ചന്ദനമരങ്ങളുടെ മോഷണം കുറഞ്ഞ തോതിൽ സംഭവിക്കുന്നുണ്ട്. മറയൂർ സാൻഡൽ ഡിവിഷനിൽ ഈ വർഷം ഇതുവരെയായി 8 ചന്ദനമരങ്ങളും 2 ചന്ദന ശിഖരങ്ങളും 7 ചന്ദനക്കുറ്റികളും മോഷണം പോയിട്ടുള്ളതാണ്. |
| (ബി) ഉണ്ടെങ്കിൽ അവ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; നിലവിൽ പ്രസ്തുത ഡിവിഷനിൽ എത്ര ജീവനക്കാരുണ്ട്; വ്യക്തമാക്കാമോ; | (ബി) 64.1578 ച.കി.മീ. വിസ്തൃതിയുള്ള മറയൂർ സാൻഡൽ ഡിവിഷനിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിനായി 4 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുള്ളതാണ്. ചന്ദന റിസർവ്വുകളുടെ സംരക്ഷണത്തിനായി 20.05 കി. മീറ്റർ ദൂരത്തിൽ ചെയിൻ ലിങ്ക്ഡ് വേലി നിർമ്മിച്ചിട്ടുണ്ട്. ഫീൽഡ് ജീവനക്കാരും താൽക്കാലിക സംരക്ഷണ വാച്ചർമാരും രാവും പകലും പട്രോളിംഗ് നടത്തി വരുന്നു. കൂടാതെ കേസന്വേഷണത്തിനായി ഡോഗ് സ്ക്വാഡിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. |

നിലവിൽ മറയൂർ ഡിവിഷനിൽ ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, 3 ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർ, 4 ഡെപ്യൂട്ടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർ, 16 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 52 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 54 ട്രൈബൽ വാച്ചർമാർ, 3 ഫോറസ്റ്റ് വാച്ചർമാർ, 7 ഡ്രൈവർമാർ കൂടാതെ ഓഫീസ് പ്രവർത്തനങ്ങൾക്കായി ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൗണ്ടന്റ്, 8 ക്ലാർക്കുമാർ, 4 ഓഫീസ് അറ്റന്റന്റുമാർ, 1 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, 7 പാർട്ട് ടൈം സ്വീപ്പർമാർ എന്നിങ്ങനെ ആകെ 162 സ്ഥിരം ജീവനക്കാർ ഉണ്ട്.

(സി) മറയൂരിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണോ; ഇല്ലെങ്കിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; അറിയിക്കാമോ;

(സി) മറയൂരിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണ്. 64 ച.കി. മീറ്റർ മാത്രം വിസ്തൃതിയുള്ള മറയൂർ സാൻഡൽ ഡിവിഷനിൽ ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, 3 ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർ, 4 ഡെപ്യൂട്ടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർ, 16 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 52 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 54 ട്രൈബൽ വാച്ചർമാർ, 3 ഫോറസ്റ്റ് വാച്ചർമാർ, 7 ഡ്രൈവർമാർ എന്നിങ്ങനെ സ്ഥിരം സ്റ്റാഫിന്റെ അനുവദിച്ച തസ്തികകളുണ്ട്.

ചന്ദനം കൂടുതലായുള്ളത് 1460 ഹെക്ടറിൽ മാത്രമാണ്. താൽക്കാലിക വാച്ചർമാരെ നിയമിച്ചു വരുന്നുമുണ്ട്. കൂടാതെ, വനസംരക്ഷണ സമിതികളും ചന്ദന സംരക്ഷണത്തിന് സഹായിക്കുന്നു.

(ഡി) മറയൂരിൽ ഈ വർഷം എത്ര ഒ.ആർ.കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര ലക്ഷം രൂപയുടെ ചന്ദന മരങ്ങളാണ് നഷ്ടപ്പെട്ടതെന്നും എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ?

(ഡി) മറയൂർ സാൻഡൽ ഡിവിഷനിൽ ഈ വർഷം ഇതുവരെയായി 8 ചന്ദനമരങ്ങളും 2 ചന്ദന ശിഖരങ്ങളും 7 ചന്ദനക്കുറ്റികളും മോഷണം പോയിട്ടുള്ളതാണ്. ആയതിൽ ആകെ 15 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 1,22,750/- രൂപയുടെ സർക്കാർ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി കേസുകളുമായി ബന്ധപ്പെട്ട് 24 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 266 കിലോഗ്രാം ചന്ദനവും, 323 കിലോഗ്രാം ചന്ദനപൊടിയും, 416 കിലോഗ്രാം ചന്ദന ചിപ്സും പിടിച്ചെടുത്തിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**